**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 88** **08-08-2023 - ൽ മറുപടിയ്ക്ക്**

**ആസിഡ് ആക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ആസിഡ് ആക്രമണങ്ങൾ നടന്നിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്രപേർ മരണപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് 113 ആസിഡ് ആക്രമണങ്ങൾ നടന്നിട്ടുണ്ട്. അതിൽ 133 പേർക്ക് പരിക്കേറ്റിട്ടുണ്ട്. 11 പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്. |
| (ബി) | ആസിഡ് ആക്രമണത്തിന് ഇരയാകുന്നവർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സർക്കാരിന്റെ നഷ്ടപരിഹാര പദ്ധതിയിൽ പെടുന്ന കേരള വിക്ടിം കോമ്പൻസേഷൻ സ്കീം പ്രകാരം കേരള ലീഗൽ സർവീസ് അതോറിറ്റിയിൽ നിന്നും ആസിഡ് ആക്രമണത്തിന് ഇരയായവർക്കു നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആസിഡ് ആക്രമണം (40%) ൽ കൂടുതലുള്ള രൂപഭംഗം)ന് 300000/- രൂപയും ആസിഡ് ആക്രമണം (40%) ൽ കുറവുള്ള രൂപഭംഗം) ന് 100000/-രൂപയും ആണ് നഷ്ടപരിഹാരം.<br><br>ആസിഡ് ആക്രമണത്തിനു ഇരയായവർക്ക് 100000/-രൂപ സംഭവം നടന്നു പതിനഞ്ചു ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്.<br><br>**നടപടി ക്രമം**<br><br>കേസിന്റെ വിചാരണക്ക് ശേഷം കോടതിയുടെ ശുപാർശ പ്രകാരം കുറ്റാരോപിതനായ വ്യക്തിയെ കണ്ടുപിടിക്കാതിരിക്കുകയോ, തിരിച്ചറിയാതിരിക്കുകയോ വരികയും ,തൻമൂലം കോടതിയിൽ കേസിന്റെ വിചാരണ അസാധ്യമാവുകയും ചെയ്താൽ കുറ്റകൃത്യം നടന്നു ആറുമാസത്തിനുള്ളിൽ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി യ്ക്ക് അപേക്ഷ നൽകാവുന്നതാണ് . ഇതിനു പ്രത്യേക ഫോം ഇല്ല. മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ കാലതാമസം മാപ്പാക്കുന്നതാണ്.<br><br>കോടതിയിൽ നിന്ന് ശുപാർശയോ, ഇരയുടെയോ ആശ്രിതരുടെയോ അപേക്ഷയോ കിട്ടിയാൽ രണ്ടു മാസത്തിനുള്ളിൽ ജില്ലാ ലീഗൽ സർവ്വീസ് |

| | | | |
|---|---|---|---|
| | | | അതോറിറ്റി ഉചിതമായ അന്വേഷണം നടത്തി രേഖകളും മറ്റ് വിവരങ്ങളും പരിശോധിച്ച് പദ്ധതി പ്രകാരം നഷ്ടപരിഹാര തുക നിർണയിക്കേണ്ടതാണ്.<br><br>നഷ്ടപരിഹാര തുക ഒറ്റ തവണയോ ഒന്നോ രണ്ടോ തവണകളായോ ബാങ്ക് അക്കൗണ്ടിലൂടെ നൽകും.<br><br>കൂടാതെ വനിത ശിശു വികസന വകുപ്പിന്റെ 10/12/2018 തീയതിയിൽ നിലവിൽ വന്ന ആശ്വാസ നിധി പദ്ധതിയിലൂടെ ആസിഡ് ആക്രമണത്തിന് ഇരയാകുന്നവർക്ക് ഒരു ലക്ഷം മുതൽ രണ്ട് ലക്ഷം രൂപ വരെ ആക്രമണത്തിന്റെയും ആഘാതത്തിന്റെയും തോത് അനുസരിച്ച് അനുവദിക്കുന്നതാണ്. അപേക്ഷകൾ ജില്ലാ ശിശു സംരക്ഷണ ഓഫീസർ (കുട്ടികൾക്ക് ) ജില്ലാ വനിത സംരക്ഷണ ഓഫീസർ (സ്ത്രീകൾക്ക്) എന്നിവർക്കാണ് സമർപ്പിക്കേണ്ടത്. |
| (സി) | ആസിഡ് ആക്രമണത്തിൽ ഇരയായ എത്രപേർക്ക് നാളിതുവരെ എത്ര തുക വീതം നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (സി) | **വിക്ടിം കോമ്പൻസേഷൻ സ്കീം പ്രകാരം നഷ്ട പരിഹാരം നല്കിയ വിശദാംശങ്ങൾ** അനുബന്ധമായി ചേർക്കുന്നു.<br><br>വനിത ശിശു വികസന വകുപ്പിന്റെ **ആശ്വാസ നിധി** പദ്ധതിയിലൂടെ ആസിഡ് ആക്രമണം അതിജീവിച്ച 19 പേർക്ക് 2019 ജനുവരി മുതൽ 2023 മാർച്ച് മാസം വരെ ഒരു ലക്ഷം മുതൽ രണ്ട് ലക്ഷം രൂപ വരെയുള്ള തുകകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl.No | Year | No.of Cases | Compensation Amount | No.of Beneficiaries |
|---|---|---|---|---|
| 1 | 2016-17 | 3 | 600000 | 4 |
| 2 | 2017-18 | 5 | 1300000 | 5 |
| 3 | 2018-19 | 3 | 300000 | 3 |
| 4 | 2019-20 | 2 | 200000 | 2 |
| 5 | 2020-21 | 2 | 200000 | 2 |
| 6 | 2021-22 | 6 | 600000 | 6 |
| 7 | 2022-23 | 7 | 1350000 | 7 |

സെക്ഷൻ ഓഫീസർ